**Week 3**






# Seven Adversaries

**ഏഴ് പ്രതിയോഗികൾ- യോഹ:9:3**

പ്രതികൂലത്തിൽദൈവപ്രവർത്തിയെ കാണുവാൻ കഴിയുമോ? കഴിയുംഎന്ന്വചനം വ്യക്തമാക്കുന്നു

(യോഹ:9:1-7)

'കാർമേഘവുംസൂര്യപ്രകാശവും' എന്ന ഗ്രന്ഥത്തിന്റെരചയിതാവ് ഹന്ന ഹിഗ്ഗൻസ് തളർച്ച പിടിപെട്ട് ഏകദേശം അൻപത് വർഷത്തോളംകിടക്കയിൽതന്റെജീവിതംചിലവഴിക്കേണ്ടതായിവന്നു . കഠിനമായവേദന സഹിക്കേണ്ടതായി വന്നപ്പോഴുംസന്തോഷത്തോടെജീവിതം കാണുവാൻ അവർ ശ്രമിച്ചു. വേദനകളിൽ ക്രിസ്തുവിൽ ആശ്രയിപ്പാൻ അവൾ പഠിച്ചു. കൂടാതെമറ്റുള്ളവരുടെവേദന അറിഞ്ഞ് ആശ്വസിപ്പിക്കുവാനുംഅവൾ പഠിച്ചു.വേദന അനുഭവിച്ചവനുമാത്രമേവേദനിക്കുന്നവരെ ആശ്വസിപ്പിക്കുവാൻ കഴിയുകയുള്ളൂ. ഹന്നയുടെകിടയ്ക്കയ്ക്കരികിലെത്തുന്നവർആശ്വാസവുംധൈര്യവുമുള്ളവരായിമടങ്ങിപ്പോകുവാൻ തുടങ്ങിയതോടെ'നന്ദി പറയുന്ന'സ്ഥലമായി ആ കിടക്കയുടെസ്ഥലംഅറിയപ്പെട്ടു. തന്റെ 77-ാം വയസ്സിൽഒരു

പുസ്തകംഎഴുതി പൂർത്തിയാക്കുവാൻ സാധിച്ചത് ദൈവപ്രവർത്തിതന്നിൽവെളിപ്പെട്ടതുകൊണ്ടാണെന്ന്അവൾവിശ്വസിച്ചു.

നമ്മുടെ ജീവിതത്തിലുണ്ടാകുന്ന എല്ലാതെറ്റുകൾക്കുംവീഴ്ചകൾക്കും നാം പഴിചാരുന്ന ചില പ്രതിയോഗികളുണ്ട്. ഒന്നാമത്തെ പ്രതിയോഗിയാണ്മറ്റുള്ളവർ. "ഇവൻ കുരുടനായി പിറക്കത്തക്കവണ്ണം ആർ പാപം ചെയ്തു" എന്നാണ് ജനത്തിനറിയേണ്ടത് .(യോഹ:9:2). വാഹനം ശ്രദ്ധയോടെ ഓടിക്കാത്തവരും ,ഓടിക്കുവാൻ അറിയാത്തവരുംഎതിരെവരുന്ന വാഹനത്തെയും, കാൽനടക്കാരെയുമാണ്കുറ്റം പറയുന്നത്. സ്വന്ത കുറവുകൾ കാണുവാൻ ആർക്കുംതാൽപര്യമില്ല. രണ്ടാമത്തെ പ്രതിയോഗിയാണ്വിധി എന്ന വില്ലൻ . സ്വയം പഴിക്കുന്നവർ ഉപയോഗിക്കുന്ന വാക്കുകളാണ്വിധി, തലയിലെഴുത്ത്എന്നിവ. (പറഞ്ഞുതീരാത്ത ദാനങ്ങൾ സ്രഷ്ടാവ് നമുക്ക്തന്നിട്ടുണ്ട്.) പിന്നെ എന്തിന് തലയിലെഴുത്തിനെ പഴിക്കുന്നു. മൂന്നാമതായി , അനിയന്ത്രിതമായവികാരമാണ് നമ്മുടെ പ്രതിയോഗി. പെട്ടെന്ന്കോപിക്കുന്ന മനുഷ്യരുണ്ട്. പെട്ടെന്ന്ദു:ഖിക്കുന്നവരുമുണ്ട്, കായീനോട്യഹോവചോദിക്കുന്നു'നീ കോപിക്കുന്നതെന്തിന്? സ്വന്തംഇഷ്ടം മാത്രം നടക്കണമെന്നാഗ്രഹിക്കുന്നവർക്ക്അത് നടക്കാതെ വരുമ്പോഴാണ് കോപമുണ്ടാകുന്നത്.

നാലാമത്തെ പ്രതിയോഗിയാണ് പാരമ്പര്യം. പൂർവ്വികർ ചെയ്യുന്നത് തെറ്റാണെന്നറിഞ്ഞാലും പാരമ്പര്യത്തിന്റെ മറവിൽ പലരുംഅത്തുടരുന്നു.

അഞ്ചാമത്തെ പ്രതിയോഗി നാം വയ്ക്കുന്ന ചില നിബന്ധനകളാണ്. കുട്ടികൾ മാതാപിതാക്കളോടുംമാതാപിതാക്കൾ കുട്ടികളോടും പല

തിനും നിബന്ധനകൾ വയ്ക്കുന്നു. രണ്ടുകൂട്ടരും മിക്കവാറുംഇത്തെറ്റി ക്കുന്നു.നിബന്ധനകൾ ദൈവംവയ്ക്കുന്നത് അവൻ തെറ്റിക്കുന്നില്ല. എന്നാൽ നാം അനുസരിക്കാതെതെറ്റിക്കുന്നു.

**Read**-ആവ :(28:1,2),(15-62)

ആറാമതായി നാം പറയുന്ന ചിലവാക്കുകൾകാലക്കേട് , സമയ ദോഷംഇവ നമ്മെ തകർക്കുന്ന പ്രതിയോഗികളാണ്. ഏറ്റവുംദോഷകര മായ പ്രതിയോഗിയാണ്ഏഴാമത്തേത് - സാത്താൻ, ദൈവം നമ്മിൽ പ്രവർത്തിക്കാതിരിപ്പാൻ തന്ത്രങ്ങൾ ഉപയോഗിക്കുന്നവനാണ് സാത്താൻ.

**Read -Job**(1:8-12),(2:3-6)

അഞ്ച്താലത്ത്ലഭിച്ചവൻ അഞ്ചുകൂടെ നേടി, രണ്ട് താലന്തുലഭിച്ചവൻ രണ്ടുംകൂടെയും നേടിയപ്പോൾഒന്ന്ലഭിച്ചവൻ അത്കുഴിച്ചുമൂടുകമാത്ര മല്ലദാതാവിനെ പഴിക്കുകയുംചെയ്തു. നാം ഇവരിൽആരെപ്പോലെയാ ണ്. പ്രീയരേ ! ദൈവത്തിലുള്ളഅടിയുറച്ച വിശ്വാസത്താൽ ഈ പ്രതി യോഗികളെതോല്പിച്ച് അനുഗ്രഹം പ്രാപിക്കുക.

## <u>പ്രാർത്ഥന</u>

സ്വർഗ്ഗീയ പിതാവേ ! ഞങ്ങൾ നിന്റെഇഷ്ടപ്രകാരം എന്തപേക്ഷി ച്ചാലുംകേട്ട് പ്രവർത്തിക്കുംഎന്ന് തന്ന ധൈര്യത്തിനായിസ്തോത്രം. പ്രാർത്ഥനയോടെ പ്രതിയോഗികളെ തകർക്കുവാൻ കൃപതരേണമേ ..........

**ആമേൻ**

*Santhamma Varghese*